**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** — **02-02-2024 - ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലിത്തീറ്റ, പരുത്തിപ്പിണ്ണാക്ക്, വൈക്കോൽ എന്നിവയുടെ വില വർദ്ധനവ് മൂലം ക്ഷീരകർഷകർ പ്രതിസന്ധി നേരിടുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | **കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി NABL accreditation ഉള്ള സ്റ്റേറ്റ് ഡയറി ലാബ് അത്യാധുനിക സൗകര്യങ്ങളോടുകൂടി ക്ഷീരവികസന വകുപ്പ് ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വിതരണം നടത്തുന്ന കാലിത്തീറ്റകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 2022 ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്.**<br><br>**കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റകളിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കൾ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ് വാങ്ങുന്നതും ഉൽപാദനത്തിന് ഉപയോഗിക്കുന്നതും. ഇത് ഉറപ്പുവരുത്തുന്നതിനായി കമ്പനിയിലേക്ക് വരുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കും കാലിത്തീറ്റ ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ഗുണനിലവാര പരിശോധന അടക്കം നാല് ഘട്ടങ്ങളിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിൽ അസംസ്കൃത പദാർത്ഥങ്ങളുടെ പ്രാഥമിക ഗുണനിലവാരം ഗോഡൌണിൽ ഇറക്കിയ ശേഷമുള്ള സമഗ്രമായ ഗുണനിലവാര പരിശോധന, ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധന, ഉൽപാദനത്തിന് ശേഷമുള്ള ഉൽപ്പന്നത്തിന്റെ** |

| | | | |
|---|---|---|---|
| | | | ഗുണനിലവാര പരിശോധന എന്നിവയാണ് നാല് ഘട്ട ഗുണനിലവാര പരിശോധനയുടെ ഭാഗമായി വരുന്നത്. ഉത്പാദനത്തിനായി ഉപയോഗിക്കുന്ന വിവിധ യന്ത്രങ്ങൾ കൃത്യതയാർന്നതും വിദേശനിർമ്മിതവും ആണ്. ആയതിനാൽ ഉൽപാദനത്തിൽ സ്ഥിരതയുള്ള ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സഹായിക്കുന്നുണ്ട്.<br><br>പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകും വിധത്തിലുള്ള തവിട്, പിണ്ണാക്ക്, ധാന്യങ്ങൾ തുടങ്ങിയ മേൽത്തരം അസംസ്കൃത വസ്തുക്കളാണ് കാലിത്തീറ്റ നിർമാണത്തിന് മിൽമ ഉപയോഗിക്കുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തു ന്നതിനായി ഓരോ അസംസ്കൃത വസ്തുവിന്റെയും ഗുണനിലവാര ഘടകങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് അപ്രകാരമുള്ളവ മാത്രമാണ് വാങ്ങുന്നത്. ഫാക്ടറികളിലെ എൻ.ഐ.ആർ. അനലൈസർ ഉൾപ്പെടെയുള്ള അതിനൂതന ഉപകരണങ്ങളുടെ പിൻബലത്തോടെ നടത്തുന്ന പ്രാഥമിക പരിശോധനയിലൂടെ നിശ്ചിത ഗുണനിലവാരം പുലർത്താത്ത വസ്തുക്കൾ തിരസ്കരിക്കുകയും പൂർണ ഗുണനിലവാരമുള്ളവ മാത്രം കാലിത്തീറ്റയിൽ ചേർക്കുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ മിൽമയുടെ ഗോഡൗണിൽ ഇറക്കുന്ന സമയത്ത് കൃത്യമായ സാമ്പിൾ ശേഖരണം നടത്തി വിശദമായ ലാബ് ടെസ്റ്റുകൾ വഴി ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.<br><br>ഇതു കൂടാതെ കാലിത്തീറ്റയും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. പ്രോട്ടീൻ, എണ്ണയുടെ അംശം, നാരുകളുടെ അംശം, മണലിന്റെ അംശം എന്നിവ ഇതിലൂടെ പരിശോധിക്കപ്പെടുന്നു. ഈർപ്പത്തിന്റെ അളവും യഥാസമയം സൂക്ഷ്മതയോടെ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ബി.ഐ.എസ് നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണമേൻമയിൽ കാലികളുടെ ഉൽപ്പാദനശേഷിക്കനുസൃതമായി ഓരോ തരം കാലിത്തീറ്റയിലൂടെയും ലഭ്യമാക്കേണ്ടുന്ന ഗുണം (മാംസ്യം, കൊഴുപ്പ്, നാരുകൾ, ധാതുലവണങ്ങൾ എന്നിവ) കമ്പ്യൂട്ടർവൽകൃതമായുള്ള ഫോർമുലേഷൻ പ്രകാരം തയ്യാറാക്കുന്നു. പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ച പ്ലാൻറുകളിൽ ഓട്ടോമേറ്റഡ് സംവിധാനം ഉപയോഗിച്ച് ചേരുവകളുടെ അളവും തൂക്കവും കൃത്യമായി സംയോജിപ്പിച്ചുകൊണ്ട് ഗുണനിലവാരം ഉറപ്പാക്കിയ സമീകൃത കാലിത്തീറ്റകൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | ഗുണനിലവാരമുള്ള കാലിത്തീറ്റകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കി ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി കാലിത്തീറ്റ വിതരണ പദ്ധതി ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരമുള്ള മിൽമ, കേരള ഫീഡ്സ് എന്നീ ഏജൻസികളുടെ കാലിത്തീറ്റയാണ് കുറഞ്ഞ വിലയ്ക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നത്. ഒരു കർഷകന് പരമാവധി 10000/- രൂപയുടെ കാലിത്തീറ്റ ധനസഹായമാണ് ക്ഷീരവികസന വകുപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നത്.**<br><br>**കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില അനുസരിച്ചാണ് കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവ് ഉണ്ടാകുന്നത് . അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന അസംസ്കൃത വസ്തുകളുടെ വിലവർധനവും കടത്തുകൂലിയിൽ ഉണ്ടാകുന്ന ഗണ്യമായ വർധനവും കണക്കാക്കാതെ നഷ്ടം സഹിച്ചാണ് നിലവിൽ മിൽമയും, കേരള ഫീഡ്സ് ലിമിറ്റഡും ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തു വരുന്നത് .**<br><br>**മിൽമയുടെ മേഖലാ യൂണിയനുകൾ കാലാകാലങ്ങളിൽ അവരവരുടെ പ്രവർത്തന ലാഭത്തിനനുസരിച്ച് കർഷകർക്ക് സഹായകമാകുന്ന രീതിയിൽ കാലിത്തീറ്റക്ക് വിവിധ സബ്സിഡികൾ നൽകി വരുന്നുണ്ട്. നിലവിൽ മേഖലാ യൂണിയനുകൾ 100-150 രൂപ വരെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. പ്രവർത്തന ലാഭത്തിന്റെ 90 ശതമാനവും കാലിത്തീറ്റ സബ്സിഡിയായും, അധിക പാൽ വിലയായും, വിവിധ ക്ഷേമപ്രവർത്തനങ്ങളായും മിൽമ ക്ഷീരകർഷകരിലേക്ക് തന്നെ തിരികെ നൽകുകയാണ് ചെയ്യുന്നത്.**<br><br>**അസംസ്കൃത വസ്തുക്കളുടെ വില വളരെയധികം വർധിച്ചിട്ടും ക്ഷീര കർഷകസമൂഹത്തോടുള്ള പ്രതിബന്ധത മുൻനിർത്തി, ആഗസ്റ്റ് 2023 ലും തുടർന്ന് ഒക്ടോബർ 2023 ലും കാലിത്തീറ്റയുടെ വിലയിൽ ചെറിയ ഒരു വർദ്ധനവ് മാത്രം വരുത്തി ഇപ്പോഴും നഷ്ടം സഹിച്ചാണ് പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനി കാലിത്തീറ്റ വിതരണം നടത്തി വരുന്നത്. സ്വകാര്യ കാലിത്തീറ്റ നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സമാനമായ കേരള ഫീഡ്സ്** |

| | | | |
|---|---|---|---|
| | | | **ലിമിറ്റഡ് കാലിത്തീറ്റയ്ക്ക് വിപണിയിൽ 50 കിലോ ചാക്കൊന്നിന് 90/- രൂപ വരെ വിലക്കുറവുണ്ട്.** |

സെക്ഷൻ ഓഫീസർ